# കേരള കാർഷികസർവ്വകലാശാല
# ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം,വെള്ളാനിക്കര

എഫ്.സി.ആർ.എസ്സ്/6/2022 തീയതി 27/07/2022

കേരള കാർഷികസർവ്വകലാശാലയുടെ കീഴിലുള്ള ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം വെള്ളാനിക്കരയിൽ ഫാം റോഡിന് ഇരുവശവും പടർന്ന് പന്തലിച്ച് നിൽക്കുന്ന എകദേശം 47 പ്ലാവുകളുടെ ശിഖരങ്ങൾ തറ നിരപ്പിൽ നിന്ന് 10 അടി ഉയരത്തിലും തായ്തടിയിൽ നിന്ന് 2 അടി നീളം നിലനിർത്തിയും മുറിച്ചു മാറ്റുന്നതിനും, മുറിച്ചുമാറ്റിയ ശിഖരങ്ങൾ ഫാമിൽ നിന്ന് കൊണ്ടുപോകുന്നതിനും താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു.

<u>വ്യവസ്ഥകൾ</u>

1. 03/08/2022 രാവിലെ 11.30 ന് ലേലം/ക്വട്ടേഷൻ നടപടികൾ ആരംഭിക്കുന്നതാണ്.

2. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടുവരേണ്ടതാണ്. കൊണ്ടുവരാത്തപക്ഷം ലേലം/ക്വട്ടേഷൻ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

3. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നതിന് ലേല ദിവസം 03/08/2022 നിരതദ്രവ്യം 1000/- രൂപമാത്രം പണമായി ഈ ഓഫീസിൽ രാവിലെ 11 മണിക്ക് മുമ്പേ അടക്കേണ്ടതാണ്. നിരത ദ്രവ്യം കെട്ടിവച്ചവരെ മാത്രമേ ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

4. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിത സമയത്തിനു മുമ്പായി ക്വട്ടേഷൻ ഓഫീസിൽ എത്തിക്കുകയോ പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്.

5. നിശ്ചിത തീയതിക്കും, സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും. പൂരിപ്പിച്ച ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 02/08/2022 രാവിലെ10.30 വരെയാണ്.

6. ക്വട്ടേഷനുകൾ പ്രൊഫസർ ആൻഡ് ഹെഡ്, ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം,വെള്ളാനിക്കര എന്ന വിലാസത്തിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ അയക്കുന്ന കവറിനു പുറത്ത് **“പ്ലാവിൻെറ ശിഖരങ്ങൾ മുറിക്കുന്നതിനുള്ള ക്വട്ടേഷൻ”** എന്നെഴുതിയിരിക്കണം. 47 മരങ്ങളുടേയും ആകെ തുകയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.

7. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനുശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ക്വട്ടേഷൻ/ലേലം ഉറപ്പിക്കുന്നതും ടിയാൻ ക്വട്ടേഷൻ/ലേലം തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം (3pm ന് മുമ്പായി) അടച്ച് മരം മുറിക്കാനുള്ള അനുവാദം വാങ്ങേണ്ടതുമാണ്.

8. ക്വട്ടേഷൻ/ലേലം ലഭിക്കുന്ന വ്യക്തി 7 ദിവസത്തിനകം (3pm ന് മുമ്പായി) സെക്യൂരിറ്റി നിക്ഷേപമായി 5000 രൂപ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
9. നിശ്ചിത സമയത്തിനകം തുക പൂർണ്ണമായി അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ലേലം അസാധു ആക്കുന്നതിനും അടച്ച തുക സർവ്വകലാശാലക്ക് കണ്ടുകെട്ടുന്നതിനും പുനർലേലം നടത്തുന്നതിനുമുള്ള അധികാരവും ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും

10. മുഴുവൻ ലേലത്തുകയും ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം,വെള്ളാനിക്കരയിൽ അടച്ചതിനുശേഷം മാത്രമേ മരങ്ങൾ മുറച്ചുമാറ്റുവാൻ അനുവദിക്കുകയുള്ളൂ. ക്വട്ടേഷൻ

ലഭിച്ചാൽ 14 ദിവസത്തിനകം സ്വന്തം ചിലവിലും ഉത്തരവാദിത്തത്തിലും പ്രവർത്തികൾ തീർത്ത് ശിഖരങ്ങൾ ഫാമിൽ നിന്ന് കൊണ്ടുപോകേണ്ടതാണ്.

11. പ്രവർത്തിദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ മാത്രമേ ശിഖരങ്ങൾ കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ.

12. ശിഖരങ്ങൾ മുറിക്കുന്നത് ഗവേഷണ കേന്ദ്രത്തിലെ ഫാമിലെ ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണവും മേൽനോട്ടത്തിലുമായിരിക്കണം. തടികൾ കൊണ്ടുപോകുമ്പോൾ ചുറ്റുപാടുമുള്ള സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരുവിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല.

13. ഏതെങ്കിലും വിധത്തിൽ യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിൻറെ പൂർണ്ണമായ ഉത്തരവാദിത്തം ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടിയ ആളി**ൻെറ**തായിരിക്കും ഈ സാഹചര്യത്തിൽ പ്രൊഫസർ ആൻഡ് ഹെഡ് നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടക്കുവാൻ ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടിയ ആൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.

14. യൂണിവേഴ്സിറ്റിക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കാതെ പ്രവർത്തികൾ പൂർത്തീകരിച്ചതിനു ശേഷം നിരതദ്രവ്യവും സെക്യൂരിറ്റി ഡെപ്പോസിറ്റും തിരികെ നൽകുന്നതാണ് ഇതിനുവേണ്ടി രശീതിയോടൊപ്പം അപേക്ഷ സമർപ്പിക്കണം.
15. ക്വട്ടേഷൻ/ലേലം സംബന്ധിച്ചിടത്തോളം ഏതൊരു കാര്യത്തിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം പ്രൊഫസർ ആൻഡ് ഹെഡ്, ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം,വെള്ളാനിക്കരയിൽ നിക്ഷിപ്തമാണ്.

16. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ക്വട്ടേഷൻ/ലേലം ദിവസം അവധി ദിവസമായി വരുകയണെങ്കിൽ ക്വട്ടേഷൻ/ലേലം അടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതാണ്.

17. ലേലം മാറ്റിവക്കുന്നതിനോ ഉറപ്പിക്കുന്നതിനോ/റദ്ദാക്കുന്നതിനോ ഉള്ള അധികാരം പ്രൊഫസർ ആൻഡ് ഹെഡ്, ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം,വെള്ളാനിക്കരയിൽ നിക്ഷിപ്തമായിരിക്കും

18. ക്വട്ടേഷൻ/ലേലം പരാമർശിച്ചിട്ടുള്ള മരങ്ങൾ പരിശോധിക്കുവാൻ ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം,വെള്ളാനിക്കരയിലെ ഫാം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

19. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. **ഫോൺ നമ്പർ. 04872373242**

പ്രൊഫസർ ആൻഡ് ഹെഡ്,
ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം
വെള്ളാനിക്കര

പകർപ്പ്-

1. കെ എ യു വെബ്സൈറ്റ്
2. ഗ്രാമപഞ്ചായത്ത് ഓഫീസ് മാടക്കത്തറ
3. വില്ലേജ് ഓഫീസ്, വെള്ളാനിക്കര, മാടക്കത്തറ
4. നോട്ടീസ് ബോർഡ് ഫലവർഗ്ഗവിള ഗവേഷണകേന്ദ്രം, വെള്ളാനിക്കര
5. ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര, നോട്ടീസ് ബോർഡ്
6. കാർഷിക ഗവേഷണകേന്ദ്രം, മണ്ണുത്തി, നോട്ടീസ് ബോർഡ്
7. പി പി എൻ എം യു, നോട്ടീസ് ബോർഡ്